REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 03-09-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **56-ാമത് GST കൗൺസിൽ യോഗത്തിന് ന്യൂഡൽഹിയിൽ തുടക്കമായി.**
- **2019-ലെ ഡ്രഗ്സ് ആന്റ് ക്ലിനിക്കൽ ട്രയൽസ് ചട്ടങ്ങൾ ഭേദഗതി ചെയ്യുമെന്ന് ആരോഗ്യമന്ത്രാലയം.**
- **ഓണം വാരാഘോഷം മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.**
- **രാജ്യത്തെ ആദ്യ വയോജന കമ്മീഷൻ സംസ്ഥാനത്ത് ചുമതലയേറ്റു.**
- **US ഓപ്പൺ ടെന്നീസിൽ നൊവാക് ജോക്കോവിച്ച് സെമിഫൈനലിലെത്തി.**

## വാർത്തകൾ വിശദമായി

56-ാമത് GST കൗൺസിൽ യോഗത്തിന് ന്യൂഡൽഹിയിൽ തുടക്കമായി. നികുതി നിരക്ക് ഏകീകരണം, നികുതി നടപടിക്രമങ്ങൾ ലളിതമാക്കൽ എന്നിവയടക്കം വരുംതലമുറ GST പരിഷ്ക്കരണമായിരിക്കും യോഗം പ്രധാനമായും ചർച്ച ചെയ്യുന്നത്. ധനമന്ത്രി നിർമ്മല സീതാരാമന്റെ അധ്യക്ഷതയിലാണ് രണ്ടു ദിവസത്തെ യോഗം.

സ്വാതന്ത്ര്യദിന പ്രസംഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി GST പരിഷ്ക്കരണം സംബന്ധിച്ച സൂചന നൽകിയിരുന്നു. സാധാരണക്കാർക്കും, ഇടത്തരക്കാർക്കും, MSME കൾക്കും ആശ്വാസം നൽകുന്ന GST പരിഷ്ക്കരണത്തിന്റെ അനിവാര്യത അദ്ദേഹം എടുത്തുപറഞ്ഞു. പുതുതലമുറ GST പരിഷ്ക്കരണത്തിന് ദീപാവലി ദിനത്തിൽ തുടക്കമിടും.

കഴിഞ്ഞ മാസം ചേർന്ന GST മന്ത്രിതല സംഘത്തിനു മുന്നിൽ ഗവൺമെന്റ് ചില പരിഷ്ക്കരണ നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. ഘടനാപരമായ പരിഷ്ക്കരണം, നിരക്ക് ഏകീകരണം, ക്ലേശരഹിത ജീവിതം എന്നീ ലക്ഷ്യങ്ങളോടെയാണ് പരിഷ്ക്കരണം കൊണ്ടുവരുന്നത്.

✪✪✪

ന്യൂഡൽഹിയിൽ 'സെമികോൺ ഇന്ത്യ 2025' പ്രദർശനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി രാവിലെ പങ്കെടുത്തു. ലോകത്തെ പ്രമുഖ സെമി കണ്ടക്ടർ നിർമ്മാതാക്കളുടെ ചിപ്പുകളും ആധുനിക നിർമ്മാണ സാങ്കേതിക വിദ്യകളും യശോഭൂമിയിലെ പ്രദർശനത്തിൽ ഒരുക്കിയിട്ടുണ്ട്.

കോൺഫറൻസിൽ സെമികണ്ടക്ടർ മേഖലയിലെ CEO-മാരുടെ വട്ടമേശ സമ്മേളനത്തിലും നരേന്ദ്രമോദി പങ്കെടുക്കും. ഇന്ത്യയുടെ സെമികണ്ടക്ടർ ആവാസവ്യവസ്ഥയെയും വളർച്ചയെയും വികസനത്തെയും കുറിച്ച് ചർച്ച ചെയ്യാനാണ് പ്രധാനമന്ത്രി പരിപാടിയിൽ സംബന്ധിക്കുന്നത്.

✪✪✪

2019-ലെ ഡ്രഗ്സ് ആന്റ് ക്ലിനിക്കൽ ട്രയൽസ് ചട്ടങ്ങൾ ആരോഗ്യമന്ത്രാലയം ഭേദഗതി ചെയ്യും. ടെസ്റ്റ് ലൈസൻസ് നൽകാനും പഠനങ്ങൾ നടത്താനും ആവശ്യമായ നടപടിക്രമം ലളിതമാക്കുകയാണ് ഭേദഗതിയുടെ ലക്ഷ്യം.

✪✪✪

മൂന്ന് ദിവസത്തെ സന്ദർശനത്തിന് ഇന്ത്യയിലെത്തിയ സിംഗപ്പൂർ പ്രധാനമന്ത്രി ലോറൻസ് വോങ് ന്യൂഡൽഹിയിലെ രാജ്ഘട്ട് സന്ദർശിച്ച് രാഷ്ട്രപിതാവ് മഹാത്മാഗാന്ധിക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ക്ഷണപ്രകാരമാണ് സിംഗപ്പൂർ പ്രധാനമന്ത്രി ന്യൂഡൽഹിയിലെത്തിയത്. ഇന്ന് ഉച്ചകഴിഞ്ഞ് അദ്ദേഹം ഇന്ത്യൻ വ്യവസായ, ബിസിനസ് പ്രമുഖരുമായി സംവദിക്കും.

പ്രധാനമന്ത്രി മോദിയെയും രാഷ്ട്രപതി ദ്രൗപതി മുർമുവിനെയും സിംഗപ്പൂർ പ്രധാനമന്ത്രി സന്ദർശിക്കും.

✪✪✪

2070 ഓടെ ഇന്ത്യയെ കാർബൺ-ന്യൂട്രൽ രാജ്യമാക്കുക എന്നതാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ലക്ഷ്യമെന്ന് കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി പറഞ്ഞു. ന്യൂഡൽഹിയിൽ 20-ാമത് ആഗോള സുസ്ഥിരതാ ഉച്ചകോടിയിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കാലാവസ്ഥാ വ്യതിയാനവും ആഗോളതാപനവും ഭാവി തലമുറകൾക്ക് വലിയ ഭീഷണിയാണെന്ന് ഗഡ്കരി

പറഞ്ഞു. ഏതൊരു രാജ്യത്തിനും സമൂഹത്തിനും പരിസ്ഥിതിയോടൊപ്പം ധാർമ്മികത, സമ്പദ്‌വ്യവസ്ഥ, ആവാസവ്യവസ്ഥ എന്നിവയും പ്രധാനമാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

✪✪✪

ഒന്നിലേറെ മണ്ഡലങ്ങളിൽ വോട്ടർ രജിസ്ട്രേഷൻ നടത്തിയതിന് കോൺഗ്രസ് നേതാവ് പവൻ ഖേരയ്ക്ക് തിരഞ്ഞെടുപ്പ് കമ്മീഷൻ നോട്ടീസ് അയച്ചു. ഈ മാസം 8 ന് രാവിലെ 11 നകം മറുപടി നൽകാനാണ് ഡൽഹി ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ നിർദ്ദേശം.

✪✪✪

ഇന്ത്യയുടെ കാർഷിക - ഭക്ഷ്യ കയറ്റുമതിക്ക് കുതിപ്പേകാൻ ലക്ഷ്യമിട്ട് കാർഷിക-ഭക്ഷ്യോത്പന്ന കയറ്റുമതി വികസന അതോറിറ്റി, പുതിയ സംരംഭത്തിന് തുടക്കമിട്ടു. 'ഭാരതി' എന്ന് പേരിട്ടിരിക്കുന്ന സംരംഭത്തിന് കീഴിൽ, നൂറ് കാർഷിക സ്റ്റാർട്ടപ്പുകളെ ശാക്തീകരിക്കുമെന്ന് വാണിജ്യ മന്ത്രാലയം അറിയിച്ചു.

✪✪✪

ഛത്തീസ്ഗഢിൽ നക്സെലറ്റ് വിരുദ്ധ 'ഓപ്പറേഷൻ ബ്ലാക്ക് ഫോറസ്റ്റ്' വിജയകരമായി നടപ്പിലാക്കിയ CRPF, ഛത്തീസ്ഗഢ് പോലീസ്, DRG, കോബ്ര ജവാൻമാരെ ആഭ്യന്തര മന്ത്രി അമിത് ഷാ ന്യൂഡൽഹിയിൽ ആദരിച്ചു.

എല്ലാ നക്സലൈറ്റുകളും കീഴടങ്ങുകയോ പിടിക്കപ്പെടുകയോ ചെയ്യുന്നതുവരെ മോദി ഗവൺമെന്റിന് വിശ്രമമില്ലെന്നും, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ഇന്ത്യയെ നക്സൽ വിമുക്തമാക്കുമെന്നും അമിത് ഷാ പറഞ്ഞു.

✪✪✪

പുതിയ വിദ്യാഭ്യാസ നയവുമായി ബന്ധപ്പെട്ട് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം "മൈ കരിയർ അഡ്വൈസർ" ആപ്ലിക്കേഷൻ പുറത്തിറക്കി. വിദ്യാർത്ഥികൾക്ക് കരിയർ, കോഴ്സുകൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവയെക്കുറിച്ച് വ്യക്തിഗത മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനാണ് ആപ്ലിക്കേഷൻ ആരംഭിച്ചത്. അക്കാദമിക്, പ്രൊഫഷണൽ തിരഞ്ഞെടുപ്പുകളെക്കുറിച്ച് തീരുമാനങ്ങൾ എടുക്കാൻ ഇത് വിദ്യാർത്ഥികളെ പ്രാപ്തരാക്കുമെന്ന് മന്ത്രാലയം അറിയിച്ചു.

✪✪✪

സംസ്ഥാനത്തെ ഓണം വാരാഘോഷത്തിന് ഇന്ന് തുടക്കമാകും. സംസ്ഥാനതല ചടങ്ങ് വൈകിട്ട് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

✪✪✪

സംസ്ഥാനത്തെ കർഷക ഓണച്ചന്തകളിലേക്ക് ആദ്യ ദിവസമായ ഇന്നലെ നാല് കോടി 70 ലക്ഷം രൂപയുടെ പച്ചക്കറികൾ സംഭരിച്ചു. ഇതിൽ രണ്ട് കോടി 90 ലക്ഷം രൂപയുടെ ഉത്പന്നങ്ങൾ കർഷകരിൽ നിന്ന് നേരിട്ട് സംഭരിച്ചതും ഒരു കോടി 80 ലക്ഷം രൂപയുടെ പച്ചക്കറികൾ ഹോർട്ടികോർപ്പ് വഴി സംഭരിച്ചതുമാണ്. ആദ്യ ദിവസം ഒരു കോടി രണ്ട് ലക്ഷം രൂപയുടെ പച്ചക്കറികളും പഴവർഗ്ഗങ്ങളും കർഷക ചന്തകളിലൂടെ വിറ്റഴിച്ചു.

✪✪✪

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് 'കരുതലോണം നല്ലോണം' എന്നപേരിൽ നാഷണൽ സർവീസ് സ്കീം ഓണക്കിറ്റുകൾ വിതരണം ചെയ്തു. കൊല്ലത്തെ കിഴക്കൻ മലയോര ഗ്രാമത്തിലെ ബോണക്കാട് ട്രൈബൽ സെറ്റിൽമെന്റിൽ അരിയും, നെയ്യും പലവ്യഞ്ജനങ്ങളും ഉൾപ്പടെ 14 ഇനങ്ങൾ അടങ്ങിയ കിറ്റുകളാണ് വിതരണം ചെയ്തത്. 750 രൂപയോളം വിലവരുന്ന സാധനങ്ങൾ അടങ്ങിയ കിറ്റുകൾ, ബോണക്കാട്ടെ നൂറ്റമ്പതോളം കുടുംബങ്ങൾക്ക് ഓണസമ്മാനമായി നൽകി.

✪✪✪

'മാവേലിക്കസ് 2025'ന്റെ ഭാഗമായി ബേപ്പൂർ ബീച്ചിൽ പുഷ്പമേള തുടങ്ങി. സെപ്റ്റംബർ ഏഴ് വരെ സംഘടിപ്പിക്കുന്ന ഓണാഘോഷം വർണപ്പൊലിമയുമായി 20,000 ചതുരശ്രയടി പവിലിയനിൽ ബേപ്പൂർ മറീന ബീച്ചിലാണ് പുഷ്പോദ്യാനം ഒരുക്കിയത്.

✪✪✪

ഓണപൂജകൾക്കായി ശബരിമലയിൽ വൈകിട്ട് അഞ്ചിന് നട തുറക്കും. ഉത്രാടം, തിരുവോണം, അവിട്ടം നാളുകളിൽ സന്നിധാനത്ത് വിഭവസമൃദ്ധമായ ഓണസദ്യ സംഘടിപ്പിച്ചിട്ടുണ്ട്. പൂജകൾ പൂർത്തിയാക്കി ഞായറാഴ്ച രാത്രി 9-ന് നടയടക്കും.

✪✪✪

സമഗ്ര നഗരനയം രൂപീകരിക്കുന്നതിന്റെ ഭാഗമായി കേരളാ അർബൻ കോൺക്ലേവ് ഈ മാസം 12, 13 തീയതികളിൽ കൊച്ചിയിൽ നടത്തുമെന്ന് മന്ത്രി MB രാജേഷ് തിരുവനന്തപുരത്ത് അറിയിച്ചു.

ഹയാത്ത് കൺവെൻഷൻ സെന്ററിൽ മുഖ്യമന്ത്രി പിണറായി വിജയൻ കോൺക്ലേവ് ഉദ്ഘാടനം ചെയ്യും. വിദേശ രാജ്യങ്ങളിൽ നിന്നുൾപ്പെടെ മന്ത്രിമാരും മേയർമാരും, വിദഗ്ധരും പങ്കെടുക്കുന്ന അർബൻ കോൺക്ലേവിൽ കേരളത്തിന്റെ നഗരനയം അന്തിമമാക്കും.

✪✪✪

സംസ്ഥാനത്തെ ഓണക്കിറ്റ് വിതരണം ഈ മാസവും തുടരും. കിറ്റ് വാങ്ങാത്ത മഞ്ഞ കാർഡുടമകൾക്കും, ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്കും ഈ മാസവും കിറ്റ് വാങ്ങാൻ അവസരമുണ്ടാകും.

✪✪✪

രാജ്യത്തെ ആദ്യ വയോജന കമ്മീഷൻ സംസ്ഥാനത്ത് ചുമതലയേറ്റു. മുൻ രാജ്യസഭാംഗവും കൊല്ലം ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡണ്ടുമായ K സോമപ്രസാദ് ചെയർപേഴ്സണായ അഞ്ചംഗ കമ്മീഷനാണ് സ്ഥാനമേറ്റത്.

വയോജന ക്ഷേമം, അവകാശം എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും, പുനരധിവാസ സഹായം ലഭ്യമാക്കാനുമാണ് വയോജന കമ്മീഷൻ നിലവിൽ വന്നത്.

✪✪✪

ശബരിമലയെ മുൻനിർത്തി രാഷ്ട്രീയ മുതലെടുപ്പ് നടത്താനാണ് ആഗോള അയ്യപ്പസംഗമത്തിലൂടെ സംസ്ഥാന ഗവൺമെന്റ് ശ്രമിക്കുന്നതെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ പറഞ്ഞു. ശബരിമല വികസനത്തിന് ഒന്നും ചെയ്യാത്ത ഗവൺമെന്റ് കോടതിയിൽ നൽകിയ യുവതീ പ്രവേശന സത്യവാങ്മൂലം പിൻവലിക്കാൻ തയ്യാറാകുമൊ എന്നും നാമജപ ഘോഷയാത്രകൾക്കെതിരായ കേസുകൾ പിൻവലിക്കുമോ എന്നും വ്യക്തമാക്കണമെന്ന് സതീശൻ ആവശ്യപ്പെട്ടു.

✪✪✪

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ഇന്നും നാളെയും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും, മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

കണ്ണൂർ ജില്ലയിലെ മലയോര പ്രദേശങ്ങളിൽ ഇന്നലെ രാത്രി പെയ്ത ശക്തമായ മഴയെത്തുടർന്ന് മിക്ക പുഴകളും കരകവിഞ്ഞു. ചിലയിടങ്ങളിൽ ഇപ്പോഴും ഒറ്റപ്പെട്ട മഴ തുടരുന്നുണ്ട്.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO ശശിധരൻ

........വോയ്സ്........

മലയോര പഞ്ചായത്തുകൾ ആയ ആലക്കോട് ചെറുപുഴ ആറളം കണിച്ചാർ കൊട്ടിയൂർ പഞ്ചായത്തുകളിൽ ആണ് ശക്തമായ മഴ പെയ്തത് നാലു മണിക്കൂറിലേറെ തുടർച്ചയായി മഴ പെയ്തതായാണ് കണക്കാക്കുന്നത്

ആറളം പുഴ ബാവലിപ്പുഴ ചീങ്കണ്ണിപ്പുഴ എന്നിവ നിറഞ്ഞു നാശനഷ്ടമോ ആളപായമോ ഉള്ളതായി റിപ്പോർട്ട് ഇല്ല എങ്കിലും തുടർച്ചയായി പെയ്ത മഴയിൽ ജനം ആശങ്കയിലാണ്.

അപകടകരമായ രീതിയിൽ ജലനിരപ്പുയരുന്നതിനെ തുടർന്ന് സംസ്ഥാന ജലസേചന വകുപ്പ് കണ്ണൂർ വളപട്ടണം നദി അയ്യപ്പൻകാവ് അനുങ്ങോട് സ്റ്റേഷൻ എന്നിവിടങ്ങളിൽ മഞ്ഞ ജാഗ്രത മുന്നറിയിപ്പ് നൽകി. യാതൊരു കാരണവശാലും നദികളിൽ ഇറങ്ങാനോ നദി മുറിച്ചു കടക്കാനോ പാടില്ല. തീരത്തോട് ചേർന്ന് താമസിക്കുന്നവർ ജാഗ്രത പാലിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്. ജില്ലയിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ് പഴശ്ശി ഡാമിന്റെ ആകെയുള്ള 16 ഷട്ടറുകളിൽ 14 എണ്ണം തുറന്നിട്ടുണ്ട്

✪✪✪

US ഓപ്പൺ ടെന്നീസിൽ ലോക നാലാം നമ്പർ താരം ടെയ്‌ലർ ഫ്രിറ്റ്സിനെ പരാജയപ്പെടുത്തി നൊവാക് ജോക്കോവിച്ച് സെമിഫൈനലിൽ കടന്നു. സെമി ഫൈനലിൽ ജോക്കോവിച്ച്, കാർലോസ് അൽകാരസിനെ നേരിടും.

പുരുഷ ഡബിൾസിൽ ഇന്ത്യയുടെ യുകി ഭാംബ്രി- ന്യൂസീലൻഡ് താരം മൈക്കൽ വീനസ് സഖ്യം, ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു. പ്രീ-ക്വാർട്ടർ ഫൈനലിൽ ജർമ്മൻ ജോഡികളെയാണ് ഇരുവരും പരാജയപ്പെടുത്തിയത്.

✪✪✪

ഏഷ്യാ കപ്പ് ഹോക്കിയുടെ സൂപ്പർ 4 ഘട്ടം ഇന്ന് ബീഹാറിലെ രാജ്ഗിറിൽ ആരംഭിക്കും. ഗ്രൂപ്പ് ഘട്ടം അവസാനിച്ച ശേഷം, ഇന്ത്യ, ചൈന, മലേഷ്യ, ദക്ഷിണ കൊറിയ എന്നിവ സൂപ്പർ 4 റൗണ്ടിലേക്ക് യോഗ്യത നേടി. സൂപ്പർ 4 റൗണ്ടിൽ, നാല് ടീമുകളും പരസ്പരം ഒരു തവണ ഏറ്റുമുട്ടും. സൂപ്പർ 4 ഘട്ടത്തിലെ മികച്ച രണ്ട് ടീമുകൾ ഫൈനലിൽ കളിക്കും.

✪✪✪

FIDE ഗ്രാൻഡ് സ്വിസ്-2025 ചെസ് ഉസ്ബെക്കിസ്ഥാനിലെ സമർഖണ്ഡിൽ ഇന്ന് ആരംഭിക്കും. ലോക നാലാം നമ്പർ താരമായ ഇന്ത്യയുടെ R പ്രഗ്നാനന്ദ ഓപ്പൺ വിഭാഗത്തിൽ മത്സരിക്കും. ലോക ചാമ്പ്യൻ D ഗുകേഷ്, അർജുൻ എറിഗേസി, നിലവിലെ ചാമ്പ്യൻ വിദിത് ഗുജറാത്തി എന്നിവരും ടീമിലുണ്ട്. ഓപ്പൺ വിഭാഗത്തിൽ ദിവ്യ ദേശ്മുഖ്, വനിതാ വിഭാഗത്തിൽ വൈശാലി രമേശ്ബാബു, വന്തിക അഗർവാൾ എന്നിവരും ഇന്ത്യക്കായി പോരാടും.

✪✪✪

തിരുവനന്തപുരത്ത് കേരള ക്രിക്കറ്റ് ലീഗിൽ ഇന്ന് ഉച്ചയ്ക്ക് ആദ്യ മത്സരത്തിൽ അദാനി ട്രിവാൻഡ്രം റോയൽസ്, ആലപ്പി റിപ്പിൾസിനെ നേരിടും. വൈകിട്ട് രണ്ടാം മത്സരത്തിൽ ഏരീസ് കൊല്ലം സെയിലേഴ്സ്, കൊച്ചി ബ്ലൂ ടൈഗേഴ്സുമായി ഏറ്റുമുട്ടും.

✪✪✪

തിരുവനന്തപുരത്തെ ആർമി റിക്രൂട്ടിംഗ് ഓഫീസ് സംഘടിപ്പിക്കുന്ന അഗ്നിവീർ റിക്രൂട്ട്മെന്റ് റാലി ഈ മാസം 10 മുതൽ 16 വരെ ഇടുക്കി നെടുങ്കണ്ടം പഞ്ചായത്ത് സ്റ്റേഡിയത്തിൽ നടത്തും. ഓൺലൈൻ പൊതു പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയ പുരുഷ അപേക്ഷകർക്കാണ് റാലിയിൽ പങ്കെടുക്കാൻ അവസരം.

✪✪✪

താമരശ്ശേരിയിൽ കഴിഞ്ഞ ശനിയാഴ്ച രാത്രി കാർ തടഞ്ഞു നിർത്തി ദമ്പതികളെ മർദ്ദിച്ച കേസിലെ പ്രതികളെ രക്ഷിക്കാൻ പൊലീസ് ശ്രമിച്ചെന്ന പരാതിയിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്ത് അന്വേഷണത്തിന് ഉത്തരവിട്ടു. താമരശ്ശേരി DYSP 15 ദിവസത്തിനകം റിപ്പോർട്ട് നൽകണമെന്ന് കമ്മീഷൻ ജൂഡീഷ്യൽ അംഗം K ബൈജുനാഥ് ആവശ്യപ്പെട്ടു.

✪✪✪

*News Editor & News Reader: വികെ സുരേഷ്*
*NRTs: അനിൽ ചന്ദ്രൻ, സാലിം*
*DEO: സി കെ സുബോധ്*